## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ : Seeram Sambasiva Rao IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ഭരണജാഗ്രത- ഇടുക്കി ജില്ല- നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്- വസ്തു നികുതി ഒടുക്കിയ ഇനത്തിൽ ലഭിച്ച ചെക്ക് ബാങ്കിൽ കളക്ഷന് നൽകാത്തത്- ശ്രീമത് മഞ്ജുഷ കെ.ജി, മുൻ അക്കൗണ്ടന്റ്- അച്ചടക്ക നടപടി സെൻഷ്വർ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.08.2020 ലെ ബി1-10668/19 നമ്പർ റിപ്പോർട്ട്.
2) പഞ്ചായത്ത് ഡയറക്ടറുടെ 26.05.2021-ലെ PAN-10525/2020-D8(DP) നമ്പർ കുറ്റാരോപണമെമ്മോ.
3) ശ്രീമതി മഞ്ജുഷ കെ.ജി യുടെ 28.06.2021 തീയതിയിലെ എതിർവാദ പത്രിക.
4) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.11.2022 ലെ ബി1-10668/19 നമ്പർ അഭിപ്രായ റിപ്പോർട്ട്.
5) ഈ കാര്യാലയത്തിൽ നിന്നുള്ള 31.03.2023 ലെ LSGD/PD/10232/2023-VIGB3 നമ്പർ ഉത്തരവ്.
6) ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കിയുടെ 11.11.2023 ലെ LSGD/JD/IDK/1079/2023-A3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7) 13.03.2024 ൽ നടന്ന ഹിയറിംഗ്.
8) 16-04-2024-ലെ LSGD/PD/10232/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9) കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി മഞ്ജുഷ കെ.ജി സമർപ്പിച്ച 18.05.2024-ലെ മറുപടി

**ഉത്തരവ് നമ്പർ . LSGD/PD/10232/2023-VIGB3 തീയതി: 20-08-2024**

ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തിൽ 2019 മാർച്ച് മാസത്തിൽ വസ്തു നികുതി ഒടുക്കിയ ഇനത്തിൽ ലഭിച്ച ചെക്ക്, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർക്കുകയോ ബാങ്കിൽ കളക്ഷന് നൽകുകയോ ചെയ്യാത്തത് സംബന്ധിച്ച്

ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിലും മേൽനോട്ടത്തിലും വീഴ്ച സംഭവിച്ചതായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് അക്കൗണ്ടന്റ് ആയിരുന്ന ശ്രീമതി മഞ്ജുഷ കെ.ജി-യ്ക്കെതിരായി പരാമർശം (2) പ്രകാരം 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

*1. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടൻ്ററായി സേവനം ചെയ്തു വരവെ 28/03/2019, 29/03/2019, 30/03/2019, 31/03/2019 തീയതികളിലെ ഡേ ബുക്ക് പരിശോധിച്ചതിൽ 6 ചെക്കുകൾ പ്രകാരമുള്ള വരവ് ഫ്രണ്ട് ഓഫീസിൽ രസീതായി സ്വീകരിച്ചിരുന്നു. എന്നാൽ ടി ചെക്കുകൾ യഥാസമയം ബാങ്കിൽ കളക്ഷനു നൽകിയില്ല.*

*2. ഫ്രണ്ട് ഓഫീസിൽ 28/03/2019 ൽ 118020500153 നമ്പർ രസീത് പ്രകാരം ട്രേഡേഴ്സ്/ ഇൻസ്റ്റിസ്റ്റുഷൻ പ്രൊഫഷണൽ ടാക്സ് ഇനത്തിൽ സ്വീകരിച്ചിട്ടുള്ള രൂപ 1250/-ന്റെ 956435 നമ്പർ ചെക്ക് ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർക്കുകയോ ബാങ്കിൽ കളക്ഷന് നൽകി ടി തുക അക്കൌണ്ടിൽ വരുത്തുകയോ ചെയ്തിട്ടില്ല. ഇത് നിലവിലും ഈടാക്കിയിട്ടില്ലാത്തതാണ്. തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതും അതീവ ഗുരുതരമായി കാണുന്നു.*

*3. ചെക്ക് നമ്പർ 614916 തീയതി 28/03/2019 പ്രകാരമുള്ള 68914/- രൂപയുടെ ചെക്ക് ബാങ്കിൽ കളക്ഷന് നൽകിയിട്ടില്ല. എന്നാൽ 20/08/2019 തീയതിയിൽ ആണ് ടി തുക(68914/- രൂപ) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ പേരിലുള്ള നെടുങ്കണ്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ പണമായി ഒടുക്കിയത്.*

*4. ചെക്ക് നമ്പർ 86898 തീയതി 29/03/2019 പ്രകാരമുള്ള 21211/- രൂപയുടെ ചെക്ക് ബാങ്കിൽ കളക്ഷന് നൽകിയിട്ടില്ല. എന്നാൽ 20/08/2019 തീയതിയിൽ ആണ് ടി തുക (21211/- രൂപ) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ പേരിലുള്ള നെടുങ്കണ്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ പണമായി ഒടുക്കിയത്.*

*5. ചെക്ക് നമ്പർ 35507 തീയതി 29/03/2019 പ്രകാരം 9996/- രൂപയുടെ വരവാണ് ഫ്രണ്ട് ഓഫീസിൽ നടത്തിയിരിക്കുന്നത്. ആയതിൽ 9568/- രൂപ പണമായി 06.04.2019 ൽ ബാങ്കിൽ കളക്ഷൻ വന്നിട്ടുണ്ട്. പഞ്ചായത്ത് അക്കൗണ്ടിൽ അടവ് വരുത്തേണ്ടിയിരുന്ന ബാക്കി തുക 428 രൂപ 05/09/2019 ൽ ആണ് അക്കൗണ്ടിൽ പണമായി ഒടുക്കിയത്.*

*6. ചെക്ക് നമ്പർ 12310 തീയതി 30/03/2019 പ്രകാരമുള്ള 40466/- രൂപയുടെ ചെക്ക് ബാങ്കിൽ കളക്ഷന് നൽകിയിട്ടില്ല. എന്നാൽ 20/08/2019 തീയതിയിൽ ആണ് ടി തുക(40466/-രൂപ) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ പേരിലുള്ള നെടുങ്കണ്ടം*

സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ പണമായി ഒടുക്കിയത്.

7. ചെക്ക് നമ്പർ 12311 തീയതി 31/03/2019 പ്രകാരമുള്ള 15528/- രൂപയുടെ ചെക്ക് ബാങ്കിൽ കളക്ഷന് നൽകിയിട്ടില്ല. എന്നാൽ 20/08/2019 തീയതിയിൽ ആണ് ടി തുക (15528/-രൂപ) നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ പേരിലുള്ള നെടുങ്കണ്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ പണമായി ഒടുക്കിയത്.

8. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 31/03/2019 ലെ ഡേ ബുക്ക് പ്രകാരം വസ്തു നികുതി ഇനത്തിൽ 154396 നമ്പർ ചെക്കായി 20632/- രൂപയും വാടക ഇനത്തിൽ 36797 നമ്പർ ചെക്കായി 70319/- രൂപയും ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ചു. ടി തുകകൾ 30/03/2019 ൽ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ടി ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചതായോ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ അക്കൗണ്ടിൽ കളക്ഷൻ വരികയോ ചെയ്തിട്ടില്ല. 25/06/2019 ലെ ഫ്രണ്ട് ഓഫീസ് വരവ് രൂപ 12586/- ആണ്. അന്നേ ദിവസം നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ ബാങ്ക് അക്കൗണ്ടില് അന്നത്തെ കളക്ഷൻ തുകയായ 12586/- രൂപയ്ക്ക് പുറമേ 20632/- രൂപ കൂടി രണ്ട് വ്യത്യസ്ത പേഇൻ സ്ലിപ്പുകൾ ഉപയോഗിച്ച് അടച്ചു. കൂടാതെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 07/06/2019 ലെ ഫ്രണ്ട് ഓഫീസ് വരവ് രൂപ 41728/- ആണ്. എന്നാൽ അന്നേ ദിവസം നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൻ്റെ ബാങ്ക് അക്കൗണ്ടിൽ അന്നത്തെ കളക്ഷൻ തുകയായ 41728/- രൂപയ്ക്ക് പുറമേ 70319/- രൂപ കൂടി രണ്ട് വ്യത്യസ്ത പേഇൻ സ്ലിപ്പുകൾ ഉപയോഗിച്ച് അടച്ചു.

9. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/12/2019 ലെ എ3-11828/19 നമ്പർ ഉത്തരവ് പ്രകാരം, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 2019 മാർച്ച് മാസം ഫ്രണ്ട് ഓഫീസിൽ വരവ് രേഖപ്പെടുത്തുകയും എന്നാൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതിരിക്കുകയും ചെയ്ത തുകകൾ പിന്നീട് ബാങ്കിൽ പണമായി നിക്ഷേപിച്ചതിനെ തുടർന്ന് 68914, 21211, 428, 40466, 15528, 95, 63, 101, 20632, 70319 എന്നീ തുകയുടെ വരവുകൾ ക്രമീകരിച്ച് ഉത്തരവാകുകയും ആയത് പ്രകാരം റിക്കൺസിലിയേഷൻ ചെയ്യുകയും ചെയ്തു.

10. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുള്ള ജീവനക്കാർ ഫ്രണ്ട് ഓഫീസ് ക്ലോസ് ചെയ്തതിന് ശേഷം, കളക്ഷൻ മെയിൻ ക്യാഷ്യർ കൈപ്പറ്റേണ്ടതും അതാത് ദിവസം ബാങ്കിൽ ഒടുക്കാത്ത തുക ഡിനോമിനേഷൻ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി അക്കൗണ്ടൻ്റ്, ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ ചുരുക്കൊപ്പ് സഹിതം മെയിൻ ക്യാഷ്യറുടെ കൈവശമുള്ള ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതുമായിരുന്നു.

11. പഞ്ചായത്തിൽ ഒടുക്കു വരുത്തപ്പെടുന്ന തുകകൾ സംബന്ധിച്ച് ക്യാഷ്യറെ സൂപ്പർ വൈസ് ചെയ്യേണ്ടത് അക്കൗണ്ടന്റിൻ്റെ ചുമതലയാണ്. പഞ്ചായത്തിൽ ലഭിക്കുന്ന പണം, ചെക്ക്, ഡി.ഡി മുതലായ വിലപിടിപ്പുള്ള വസ്തുക്കൾ ക്യാഷ് ചെസ്റ്റിൽ യഥാവിധം സൂക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ യഥാവിധം പരിപാലിക്കേണ്ടതും അക്കൗണ്ടൻ്റിൻ്റെ ചുമതലയാണ്. കൂടാതെ പണം, ചെക്ക്, ഡി.ഡി മുതലായവ പഞ്ചായത്തിൽ സ്വീകരിക്കുന്ന ദിവസമോ തൊട്ടടുത്ത ദിവസമോ ക്യാഷർ പഞ്ചായത്തിന് വേണ്ടി

ബാങ്കിൽ / ട്രഷറിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്. കൗണ്ടർ ഡേ ബുക്കും ക്യാഷ് ബുക്കും എല്ലാ ദിവസവും 5 മണിക്കകം പ്രിന്റ് എടുത്ത് പഞ്ചായത്തിൽ സ്വീകരിച്ചിട്ടുള്ള പണത്തിൻ്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും അക്കൗണ്ടൻ്റിൻ്റെ ചുമതലയായിരുന്നു. ചെക്കുകൾ യഥാസമയം ബാങ്കിൽ നൽകിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുന്നതിനായി അക്കൗണ്ടൻറായ ടിയാൾ ശ്രമിച്ചിട്ടില്ല.

12. കൗണ്ടർ ഡേ ബുക്ക് അക്കൗണ്ടന്റും ക്യാഷറും പരിശോധിച്ചിട്ടില്ല. കൂടാതെ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ നടത്തുമ്പോൾ മേൽപ്പറഞ്ഞ ചെക്കുകൾ പണമായി അക്കൗണ്ടിൽ വന്നിട്ടില്ല എന്ന് അക്കൗണ്ടൻ്റിന് കൃത്യമായി മനസിലാകുന്നതാണ്.

ചെക്കിൻെറ കാലാവധി മൂന്ന് മാസമാണെന്നിരിക്കെ മൂന്ന് മാസത്തിന് ശേഷവും പണമായി മാറാത്ത ചെക്ക് സംബന്ധിച്ച് അക്കൗണ്ടൻ്റ് യാതൊരു നടപടിയും സ്വീകരിക്കുകയോ മേലുദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്തില്ല. ആയതിനാൽ ടിയാളുടെ അറിവോടെയാണ് ഈ ക്രമക്കേട് നടന്നിട്ടുള്ളതെന്ന് അനുമാനിക്കുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി മഞ്ജുഷ കെ.ജി സമർപ്പിച്ച പരാമർശം (3) വിശദീകരണത്തിൽ, പഞ്ചായത്തിൽ വരവായി ലഭിച്ച എല്ലാ തുകയും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും അക്കൌണ്ടൻ്റ് എന്ന നിലയിൽ നടത്തിയിട്ടുണ്ടെന്നും മനപൂർവ്വമായ ശ്രദ്ധക്കുറവ് ഉണ്ടായിട്ടില്ല എന്നും അറിയിച്ചിരുന്നു. വിശദീകരണം പരിശോധിച്ച് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൽ അക്കൌണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷനും ക്ലോസിംഗും നടത്തുന്നത് അക്കൌണ്ടന്റിന്റെ്റെ ചുമതലയാണെന്നിരിക്കെ മാസങ്ങളോളം ചെക്ക് അക്കൌണ്ടിൽ ക്രെഡിറ്റായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടില്ല എന്ന വാദം അംഗീകരിക്കാനാകില്ല എന്നും ടിയാളുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായും റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമായതിനാൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി ഇടുക്കി ജില്ലാ ജോയിൻ്റ് ഡയറക്ടറായ ശ്രീ. കെ.വി. കുര്യാക്കോസിനെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിൽ ടിയാൾ അക്കൌണ്ടൻ്റ് എന്ന നിലയിൽ കണക്കുകളിലെ പൊരുത്തക്കേടുകൾ ക്രമപ്പെടുത്തുന്നതിനോ റിപ്പോർട്ട് ചെയ്യുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല എന്നും നേർക്കാഴ്ച മൊഴിയിലെ ചില വിശദീകരണങ്ങൾ പ്രസക്തമായി

കാണുന്നുവെങ്കിലും കുറ്റാരോപണങ്ങൾ പൂർണ്ണമായി നിഷേധിക്കുന്നതിന് പര്യാപ്തമല്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. സാമ്പത്തിക വർഷാവസാനത്തെ സ്വാഭാവികമായ തിരക്കിനോടൊപ്പം ജീവനക്കാർക്ക് ബാഹ്യ സമ്മർദ്ദങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് കൂടി പരിഗണിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം ഈ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) വിഷയത്തിൽ ടിയാളെ നേരിൽ കേട്ടിട്ടുള്ളതുമാണ്. ടി വേളയിൽ, ടിയാൾക്കെതിരായ ആരോപണങ്ങൾക്ക് ജോയിന്റ് ഡയറക്ടർ മുമ്പാകെ മുൻപ് മറുപടി സമർപ്പിച്ചിട്ടുള്ളതാണെന്നും ആയത് നേർവിചാരണ മൊഴിയായി പരിഗണിച്ച് ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

മേൽ വസ്തുതകളും അന്വേഷണ റിപ്പോർട്ടുകളും നേരിൽ കേട്ടപ്പോൾ ബോധിപ്പിച്ച വസ്തുതകളും പരിശോധിച്ചതിൽ ടിയാൾക്കെതിരെയുള്ള കുറ്റപത്രത്തിലെ ആരോപണങ്ങൾ പൂർണ്ണമായും നിലനിൽക്കുന്നില്ല എന്ന് ബോധ്യപ്പെടുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ നടന്ന ക്രമക്കേടിന് ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടന്റ് എന്ന നിലയിലുള്ള ടിയാളുടെ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാനാകില്ല. ആയതിനാൽ തുടർന്നുള്ള ഔദ്യോഗിക സേവന കാലയളവിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ച് അച്ചടക്കനടപടിയിൽ 'സെൻഷ്വർ' ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

മേൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി മഞ്ജുഷ കെ.ജി പരാമർശം (9) പ്രകാരം മറുപടി പരിഗണിച്ചിരുന്നു. തന്റെ മറുപടിയിൽ, പഞ്ചായത്തിൽ വരവായി ലഭിച്ച എല്ലാ തുകയും പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും അക്കൌണ്ടന്റ് എന്ന നിലയിൽ നടത്തിയിട്ടുണ്ടെന്നും തന്റെ പേരിലുള്ള ശിക്ഷാനടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചിരുന്നു. പ്രസ്തുത മറുപടി പരിഗണിച്ചതിൽ, ആയത് കാരണം കാണിക്കൽ നോട്ടീസിലെ തീരുമാനം ഇളവ് ചെയ്യുന്നതിന് പര്യാപ്തമല്ല എന്ന് ബോധ്യപ്പെടുന്നതിനാൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീമതി. മഞ്ജുഷ കെ.ജി-യ്ക്കെതിരായ അച്ചടക്കനടപടി, കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന 'സെൻഷ്വർ' ശിക്ഷ അന്തിമമാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE LOCAL SELF GOVT DEPARTMENT THIRUVANANTHAPURAM

ശ്രീമതി മഞ്ജുഷ കെ.ജി.
മുൻ അക്കൌണ്ടന്റ്, നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്
നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി മുഖേനെ)

പകർപ്പ് :

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല (ആവശ്യമായ തുടർ നടപടികൾക്കായി)
2. സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്
3. സൂപ്രണ്ട്, DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി